MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.Cl/85/Law, dated 17th April 1985
NAAC GRADE A++

വാർത്താക്കുറിപ്പ്

2026 സെപ്റ്റംബർ 17

Prof. Sajna Jaleel appointed MGU Controller of Examinations

Prof. (Dr.) Sajna Jaleel, Head of the School of Pedagogical Sciences, Mahatma Gandhi University, has been entrusted with the full additional charge of Controller of Examinations of the university. The decision was taken at the Syndicate meeting held on Thursday.

Dr. C. R. Harilakshmeendra Kumar, Associate Professor at the School of Gandhian Thought and Development Studies, has also been appointed Director of the College Development Council.

With 27 years of teaching experience, Prof. Sajna has served as a member of various Boards of Studies at the University. She has authored three books and several articles. She is also an assessor for the National Assessment and Accreditation Council (NAAC) and an advisor to the Union Public Service Commission (UPSC). She has also served as the Director of the College Development Council.

Prof. Sajna holds a PhD in Education, an M.Ed. in Mathematics Education and Educational Technology, and a postgraduate degree in Mathematics. She has guided around 20 research scholars. She is an expert in outcome-based evaluation, mathematics education and instructional design. She is also the University Coordinator for SWAYAM courses.

Dr. Harilakshmeendra Kumar also serves as the Honorary Director of the Centre for Yoga and Naturopathy. He has served as a member of the University Senate and the Board of Studies. The College Development Council is the policy-making body responsible for planning and the integrated development of the University's affiliated colleges.

പ്രൊഫ. സജ്ന ജലീൽ മഹാത്മാഗാന്ധി സർവകലാശാലാ പരീക്ഷാ കൺട്രോളർ

മഹാത്മാഗാന്ധി സർവകലാശാലാ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് മേധാവിയായ പ്രൊഫ. (ഡോ.) സജ്ന ജലീലിന് പരീക്ഷാ കൺട്രോളറുടെ പൂർണ അധിക ചുമതല. വ്യാഴാഴ്ച നടന്ന സിൻഡിക്കേറ്റ് മീറ്റിങ്ങിലാണ് തീരുമാനം.

കൂടാതെ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിലെ അസോസിയേറ്റ് പ്രൊഫസറായ ഡോ. സി. ആർ. ഹരിലക്ഷ്മീന്ദ്ര കുമാറിനെ ഡയറക്ടർ ഓഫ് കോളേജ് ഡവലപ്മെന്റ് കൗൺസിലായും നിയമിച്ചു.

27 വർഷത്തെ അധ്യാപന പരിചയമുള്ള പ്രൊഫ. സജ്ന ജലീൽ, സർവകലാശാലയിലെ വിവിധ ബോർഡ് ഓഫ് സ്റ്റഡീസുകളുടെ അംഗമായും പ്രവർത്തിച്ചു വരുന്നു. മൂന്ന് പുസ്തകങ്ങളും നിരവധി ലേഖനങ്ങളും എഴുതിയിട്ടുണ്ട്. നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ പരിശോധകയും യു.പി.എസ്.സി ഉപദേഷ്ടാവുമാണ്. ഡയറക്ടർ ഓഫ് കോളേജ് ഡവലപ്മെന്റ് കൗൺസിലായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

വിദ്യാഭ്യാസത്തിൽ പി.എച്ച്.ഡി. നേടിയിട്ടുള്ള പ്രൊഫ. സജ്ന, ഗണിത വിദ്യാഭ്യാസവും വിദ്യാഭ്യാസ സാങ്കേതികവിദ്യയും എന്ന വിഷയത്തിൽ എം.എഡും ഗണിതശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും നേടിയിട്ടുണ്ട്. ഇരുപതോളം ഗവേഷക വിദ്യാർത്ഥികൾക്ക് മാർഗദർശിത്വവും നൽകി. ഫലാധിഷ്ഠിത മൂല്യനിർണയം, ഗണിത വിദ്യാഭ്യാസം, ഇൻസ്ട്രക്ഷണൽ ഡിസൈൻ എന്നീ മേഖലകളിൽ വിദഗ്ധയാണ്. സ്വയം കോഴ്സുകളുടെ സർവകലാശാലാ കോഡിനേറ്ററുമാണ് പ്രൊഫ. സജ്ന.

ഡോ. സി. ആർ. ഹരിലക്ഷ്മീന്ദ്ര കുമാർ സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപതിയുടെ ഓണററി ഡയറക്ടറാണ്. സർവകലാശാലാ സെനറ്റ് മെമ്പറായും ബോഡ് ഓഫ് സ്റ്റഡീസ് അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. അഫിലിയേറ്റഡ് കോളജുകളുടെ ആസൂത്രണവും വികസനവും സംബന്ധിച്ച നയരൂപീകരണ സമിതിയാണ് കോളേജ് ഡവലപ്മെന്റ് കൗൺസിൽ.

Photos: Prof. (Dr.) Sajna Jaleel & Dr. Harilakshmeendra Kumar
പി.ആർ.ഒ/840/2026

വാക്ക്-ഇൻ ഇന്റർവ്യൂ

മഹാത്മാഗാന്ധി സർവകലാശാലാ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസിൽ ഗ്രൗണ്ട്സ്മാൻ കം മാർക്കർ തസ്തികയിലേക്കുള്ള വാക്ക്-ഇൻ ഇന്റർവ്യൂ സെപ്റ്റംബർ 26 ഉച്ചയ്ക്ക് 12 മണിക്ക് നടക്കും. ഉദ്യോഗാർത്ഥികൾ പൂരിപ്പിച്ച പ്രൊഫോർമയും ബന്ധപ്പെട്ട രേഖകളും സഹിതം അന്നേ ദിവസം രാവിലെ 11 മണിക്ക് ഓഫീസിൽ നേരിട്ട് ഹാജരാകണം. വിവരങ്ങൾക്ക്: www.mgu.ac.in.
പി.ആർ.ഒ/841/2026

പരീക്ഷ മാറ്റിവെച്ചു

മഹാത്മാഗാന്ധി സർവകലാശാല ഒക്ടോബർ ഒന്നിന് നടത്താനിരുന്ന എട്ടാം സെമസ്റ്റർ പഞ്ചവത്സര ബി.എ / ബി.ബി.എ / ബി.കോം എൽ.എൽ.ബി (2022 അഡ്മിഷൻ റഗുലർ / 2018 മുതൽ 2021 വരെ അഡ്മിഷൻ സപ്ലിമെന്ററി / 2015 മുതൽ 2017 വരെ അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ ഒക്ടോബർ 16 ലേക്ക് മാറ്റിവെച്ചു. പരീക്ഷാ കേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല. കൂടുതൽ വിവരങ്ങൾക്ക് mgu.ac.in സന്ദർശിക്കുക
പി.ആർ.ഒ/842/2026

സൗജന്യ പി.എസ്.സി പരിശീലനം

മഹാത്മാഗാന്ധി സർവകലാശാലാ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയും കോട്ടയം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും ചേർന്ന് സൗജന്യ പി.എസ്.സി. പരീക്ഷാ പരിശീലനം നൽകുന്നു. യോഗ്യത: പ്ലസ്ടു/ഡിഗ്രി. സെപ്റ്റംബർ 22 വരെ ഓഫീസിൽ നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പ്രവേശനം. ഫോൺ: 0481-2731025, 0481-2560413.
പി.ആർ.ഒ/843/2026

പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആന്റ് സ്പോർട്സ് (2024 അഡ്മിഷൻ റഗുലർ, 2022-2023 അഡ്മിഷൻ സപ്ലിമെന്ററി, 2021 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്) മാർച്ച് 2026 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും, സൂക്ഷ്മപരിശോധനക്കും ഒക്ടോബർ 2 വരെ ഓൺലൈൻ ആയി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.
—---------
രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (2025 അഡ്മിഷൻ റഗുലർ, 2020 മുതൽ 2024 അഡ്മിഷൻ സപ്ലിമെന്ററി) ഏപ്രിൽ 2026 പരീക്ഷകളുടെ ഫലം

പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും, സൂക്ഷ്മപരിശോധനക്കും ഒക്ടോബർ 1 വരെ ഓൺലൈൻ ആയി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

———-

മഹാത്മാഗാന്ധി സർവകലാശാല രണ്ടാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (2025 അഡ്മിഷൻ റഗുലർ, 2023, 2024 അഡ്മിഷൻ സപ്ലിമെന്ററി, 2020 മുതൽ 2022 അഡ്മിഷനുകൾ മേഴ്സി ചാൻസ് ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.
പുനർമൂല്യനിർണയത്തിനും,സൂക്ഷ്മ പരിശോധനക്കും ഒക്ടോബർ 1 വരെ ഓൺലൈൻ ആയി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.
പി.ആർ.ഒ/844/2026

പബ്ലിക് റിലേഷൻസ് ഓഫീസർ



